**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ്- ഭവന നിർമ്മാണ വായ്പാ പോർട്ട്ഫോളിയോ ബാങ്കുകൾക്ക് കൈമാറുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ. (സാധാ) നം.8757/2018/ധന.** തിരുവനന്തപുരം, തീയതി **25/10/2018**

---

പരാമർശം:- 1. G.O.(P)No.150/2018/Fin dated 25/09/2018
2. File No:HBA-2/214/2018-Fin (Computer No.948678)

**ഉത്തരവ്**

പരാമർശത്തിലെ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിച്ച ഭവന നിർമ്മാണ വായ്പാ പോർട്ട്ഫോളിയോ ഫെഡറൽ ബാങ്കിനും പഞ്ചാബ് നാഷണൽ ബാങ്കിനും കൈമാറുന്നതിനായി ഉത്തരവായിരുന്നു. ഉദ്യോഗസ്ഥർക്കും അധ്യാപകർക്കും 2009-10 സാമ്പത്തിക വർഷം മുതൽ നൽകിയ ഭവന നിർമ്മാണ വായ്പാ പോർട്ട്ഫോളിയോ (സ്പാർക്ക് വഴി ശമ്പളം വാങ്ങുന്നവരുടെ) പഞ്ചാബ് നാഷണൽ ബാങ്കിനും ഫെഡറൽ ബാങ്കിനും കൈമാറി ലഭ്യമായ തുകയ്ക്ക് തിരിച്ചടവ് നടത്തുന്നതിന്, ടി ജീവനക്കരുടെ എച്ച്. ബി. എ. മുതലിനത്തിൽ 7610-00-201-98 എന്ന ശീർഷകത്തിൽ പ്രതിമാസം വരുന്ന തിരിച്ചടവ് തുക ഒരു പ്രത്യേക TSB അക്കൗണ്ടിൽ വരവ് വയ്ക്കേണ്ടതുണ്ടെന്നും ഇതിന്റെ കൂടെ ബാങ്കിൽ നിന്ന് ഇൻവോയ്സ് ലഭിച്ചശേഷം interest subvention- ന് വേണ്ട തുക കൂടി കണക്കാക്കി പ്രസ്തുത TSB അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുണ്ടെന്നും പരാമർശ ഫയൽ പ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്നു. ആകയാൽ, ഈ തുക ജീവനക്കാരുടെ എച്ച്. ബി. എ. തിരിച്ചടവായി ഫെഡറൽ ബാങ്കിനും പഞ്ചാബ് നാഷണൽ ബാങ്കിനും നൽകുന്നതിനായി ഒരു സ്പഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനായി പരാമർശത്തിലെ ഫയൽ പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ ആവശ്യത്തിനായി, ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ധന(HBA)വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ